കേരള സർവകലാശാല
വനിതാ ഹോസ്റ്റൽ
തൈക്കാട്, തിരുവനന്തപുരം

ടെലി-0471-2304761

## ദർഘാസ് പരസ്യം

കേരള സർവകലാശാല തൈക്കാട് വനിതാ ഹോസ്റ്റൽ ക്യാമ്പസ്സിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും ഒക്ടോബർ 2023 മുതൽ സെപ്റ്റംബർ 2024 വരെ പതിനൊന്നു മാസകാലയളവിൽ ആദായം എടുക്കുന്നതിനുള്ള അവകാശം നേടുന്നതിനുവേണ്ടി ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡറുകൾ 2023 ഒക്ടോബർ 26-)ം തീയതി രാവിലെ 11.00 മണിക്ക് മുമ്പായി തൈക്കാട് വനിതാ ഹോസ്റ്റൽ ഓഫീസിൽ ലഭിക്കേണ്ടതാണ്. നിരതദ്രവ്യമായി 1000 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് (വാർഡൻ, കേരള സർവകലാശാല തൈക്കാട് വനിതാ ഹോസ്റ്റൽ) അടയ്ക്കേണ്ടതാണ്. ദർഘാസുകൾ ക്യാമ്പസ്സിലെ ആദായം എടുക്കാനുള്ള അവകാശം നേടുന്നതിനുവേണ്ടി, എന്ന് രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേരള സർവകലാശാല വനിതാ ഹോസ്റ്റൽ, തൈക്കാട്, തിരുവനന്തപുരം എന്ന പേർക്ക് അയക്കേണ്ടതാണ്.

ഈ ആവശ്യത്തിലേക്ക് മേൽപറഞ്ഞ ദിവസം രാവിലെ 11.00 മണിക്ക് ഹോസ്റ്റൽ ഓഫീസിൽ വച്ച് ലേലവും നടത്തപ്പെടും.

ടി ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ ലേലത്തിന് മുൻപ് മേല്പറഞ്ഞ നിരക്കിൽ നിരതദ്രവ്യം കെട്ടിവയ്ക്കണം. ഒരു ടെൻഡർ ലേലം അന്നേദിവസത്തെ ഏറ്റവും കൂടിയ തുകയ്ക്ക് സർവകലാശാലയ്ക്കു സ്വീകാര്യമാണെങ്കിൽ മാത്രം സ്ഥിരപ്പെടുത്തുന്നതാണ്. ഈ തുക മുഴുവനും ലേല തീയതി തുടങ്ങി ഏഴ് ദിവസത്തിനകം സർവകലാശാല ഫണ്ടിൽ അടച്ചു ചെല്ലാൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം തുക അടയ്ക്കാത്ത പക്ഷം രണ്ടാമത്തെ ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ വ്യക്തിക്ക് തുക സർവകലാശാലക്ക് സ്വീകാര്യമാണെങ്കിൽ ടിയാൻ ഉടനെ മൊത്തം തുകയും അടയ്ക്കുകയാണെങ്കിൽ അയാളുടെ പേരിൽ ദർഘാസ് ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതായിരിക്കും.

വൃക്ഷങ്ങൾ കണ്ടു ബോധ്യപ്പെടുന്നതിനും ഇതു സംബന്ധിച്ചുള്ള നിബന്ധനകൾക്കും മറ്റു വിശദ വിവരങ്ങൾക്കും ക്യാമ്പസ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. പ്രത്യേക കാരണമൊന്നും കാണിക്കാതെ തന്നെ ഏതെങ്കിലും ദർഘാസ് ലേലം നിരസിക്കുന്നതിനു രജിസ്ട്രർക്ക് അധികാരം ഉണ്ടായിരിക്കും. ദർഘാസ് സംബന്ധമായ എല്ലാ കാര്യങ്ങളിലും അന്തിമ തീരുമാനം രജിസ്ട്രാറുടേതായിരിക്കും.

തൈക്കാട്,
17/10/2023

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

UNIVERSITY HOSTEL FOR WOMEN
TRIVANDRUM